പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ . 1873

22.03.2012-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികുടുംബങ്ങളുടെ പുനരധിവാസപാക്കേജ്

**ചോദ്യം** | **മറുപടി**

| | | | |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കൊല്ലത്ത് ഇറ്റാലിയൻ കപ്പലിലെ ജീവനക്കാരുടെ വെടിയേറ്റുമരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തെല്ലാം പുനരധിവാസപാക്കേജുകളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഇറ്റാലിയൻ കപ്പലിലെ സുരക്ഷാ ഭടൻമാരുടെ വെടിയേറ്റ് മരണപ്പെട്ട ശ്രീ.അജീഷ് പിങ്കു, ശ്രീ.വാലന്റൈൻ എന്ന ജലസ്റ്റിൻ എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ വീതം നൽകുവാൻ ഉത്തരവായിട്ടുണ്ട്. (ജി.ഒ(എം.എസ്) നം.66/12/റവ. തീയതി 18.02.12) മരണപ്പെട്ട കൊല്ലം മൂദാക്കര സ്വദേശി ശ്രീ. വാലന്റൈൻ എന്ന ജലസ്റ്റിന്റെ വിധവ ശ്രീമതി. ഡോറസ്സ് ഫിഷറീസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റായി ജോലി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. (ജി.ഒ.(എം.എസ്) നം. 13/12/എഫ്&പി.ഡി. തീയതി 29.02.2012). |
| (ബി) | ബന്ധപ്പെട്ട കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ സർവ്വീസിൽ തൊഴിലും, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സമഗ്രപാക്കേജും നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) & (സി) | 29.02.2012 ലെ (എം.എസ്) 13/12/എഫ്&പി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. വാലന്റൈൻ എന്ന ജലസ്റ്റിന്റെ വിധവ ശ്രീമതി. ഡോറസ്സ് ഫിഷറീസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റായി ജോലി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) | എങ്കിൽ ഇക്കാര്യം സമയബന്ധിതമായി നടപ്പിലാക്കുമോ? | | |

സെക്ഷൻ ഓഫീസർ